പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*378

13.11.2019 -ലെ മറുപടിയ്ക്ക്

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ നിയമപ്രകാരമുള്ള സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ)ഇതരസംസ്ഥാന തൊഴിലാളികൾക്കായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം ഏർപ്പെടുത്തുന്നതിന് അപ്നാഘർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലെന്ന് വ്യക്തമാക്കുമോ; | എ) ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസൗകര്യം നൽകുന്ന പദ്ധതിയാണ് അപ്നാഘർ പദ്ധതി. നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതി നിർമ്മാണം പൂർത്തിയാക്കി 620 അതിഥി തൊഴിലാളികൾ താമസിച്ചുവരികയും ചെയ്തുവരുന്നു. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ കിനാലൂരിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |
| ബി) തൊഴിലിടങ്ങളിൽ വേണ്ടത്ര സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ ഇവരെക്കൊണ്ട് ജോലിയെടുപ്പിക്കുന്നതുമൂലമുള്ള അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ എപ്രകാരമുള്ള ഇടപെടലാണ് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും കെട്ടിട നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18.06.2019 ന് സംസ്ഥാന വ്യാപകമായി തൊഴിൽവകുപ്പ് നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പരിശോധനയിൽ സുരക്ഷാ സംവിധാനം ഒരുക്കാതെ 120 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നത് ശ്രദ്ധയിൽപ്പെടുകയും നിയമലംഘനങ്ങൾക്കെതിരെ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് (റഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ |

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻ ഓഫ് സർവ്വീസ്) നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് 2 ലക്ഷം രൂപവരെയുള്ള അപകടമരണ ഇൻഷുറൻസും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപവരെയുള്ള ഇൻഷുറൻസ് പരിരക്ഷയും 25,000/- രൂപ വരെയുള്ള ചികിത്സാ സഹായവും നൽകുന്ന 'ആവാസ്' പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

സി) വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാകേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

സി) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനത്തിന് അർഹതയുണ്ട്. അർഹതപ്പെട്ട കൂലി ലഭിക്കുന്നില്ല എന്ന പരാതി ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവെക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (ഇ)മാരുടെ നേതൃത്വത്തിൽ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് (റഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻ ഓഫ് സർവ്വീസ്) നിയമം എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. മിനിമം വേതനം ലഭ്യമാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ ലേബർ ഓഫീസർമാർ മുഖേന ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

Anishan

**സെക്ഷൻ ഓഫീസർ**